# ബാലകന്റെയും അധികാരിയുടെയും ലഹരിയിലിരിക്കുന്നതിനായി മനസ്സിന്റെ രാജാവാകൂ

ഇന്ന് വിശ്വത്തിന്റെ അധികാരിയായ ബാബ തന്റെ നാനാവശത്തുമുള്ള ബാലകനും അധികാരിയുമായ കുട്ടികളെയാണ് കാണുന്നത്. ബാലകനുമാണ് അധികാരിയുമാണ്. വിശ്വത്തിന്റെ അധികാരിയായി മാറുന്നത് ഭാവിയിലാകാം എന്നാൽ ഇപ്പോൾ സർവ്വ ഖജനാക്കളുടെയും അധികാരിയാണ്. ഭാവിയിൽ വിശ്വ രാജ്യാധികാരിയാകും. എന്നാൽ ഇപ്പോൾ സ്വരാജ്യാധികാരിയാണ്. അതിനാൽ ബാലകനുമാണ്, അധികാരിയുമാണ്. രണ്ടുമാണല്ലോ. ബാലകനാണെന്നുള്ള ലഹരി സദാ ഉണ്ടായിരിക്കുമല്ലോ. ബാപ്ദാദ കണ്ടത് ഭൂരിപക്ഷം പേർക്കും ബാലകന്റെ ലഹരി എമർജ്ജ് രൂപത്തിലും മർജ്ജ് രൂപത്തിലും കാണുന്നുണ്ട്. എന്തുകൊണ്ടെന്നാൽ ഓർമ്മയിലിരിക്കുമ്പോൾ എന്താണ് സ്മരിക്കുന്നത്? ബാബാ. ബാബാ എന്ന് പറയുകയും ചിന്തിക്കുകയും ചെയ്യുന്നു. കുട്ടിയായതു കൊണ്ടല്ലേ ബാബാ എന്ന് പറയുന്നത്. ആരാണോ സത്യമായ സേവാധാരി അവരുടെ വായിൽ നിന്നും ഇടയ്ക്കിടെ എന്താണ് വീഴുന്നത്? ബാബ ഇങ്ങനെ പറഞ്ഞു, ബാബ ഇതാണ് പറയുന്നത്. മുഴുവൻ ദിവസവും പരിശോധിക്കുകയാണെങ്കിൽ എത്ര തവണയാണ് ബാബ-ബാബ എന്ന വാക്ക് സേവനത്തിൽ പറഞ്ഞു കൊണ്ടിരിക്കുന്നത്. എന്നാൽ രണ്ടു പ്രകാരത്തിൽ ബാബാ എന്ന വാക്ക് പറയുന്നവരുണ്ട്. ഒന്നുണ്ട്, ഹൃദയത്തിൽ നിന്ന് ബാബാ എന്ന വാക്ക് പറയുന്നവർ. രണ്ടാമത് ജ്ഞാനത്തിന്റെ ആധാരത്തിൽ ബുദ്ധി ഉപയോഗിച്ച് പറയുന്നർ. ആരാണോ ഹൃദയത്തിൽ നിന്നും ബാബാ എന്ന് പറയുന്നവർ, അവർക്ക് സദാ സഹജമായും ഹൃദയത്തിൽ ബാബയിലൂടെ പ്രത്യക്ഷ പ്രാപ്തിയുടെ സന്തോഷവും ശക്തിയും ലഭിക്കുന്നു. ഇനി ആരാണോ കേവലം ബുദ്ധി നല്ലതായതിനാൽ ജ്ഞാനത്തിന്റെ ആധാരത്തിൽ ബാബാ-ബാബാ എന്ന വാക്ക് പറയുന്നത്, അവർക്ക് ആ സമയത്ത് പറയുമ്പോൾ സന്തോഷമുണ്ടാകുന്നു, കേൾക്കുന്നവർക്കും ആ സമയം സന്തോഷമുണ്ടാകുന്നു. കേൾക്കുമ്പോൾ നല്ലതായി തോന്നുന്നു, എന്നാൽ ഹൃദയത്തിൽ സന്തോഷവും ശക്തിയും സദാ കാലത്തേക്ക് ഉണ്ടാവുകയില്ല. ഇടയ്ക്കുണ്ടാകുന്നു, ഇടയ്ക്കുണ്ടാകില്ല. എന്തുകൊണ്ട്? ഹൃദയത്തിൽ നിന്നും ബാബാ എന്ന വാക്ക് വന്നില്ല. അപ്പോൾ ബാബ കണ്ടത്, ബാലകനെന്ന നിശ്ചയം സർവ്വർക്കുമുണ്ട്. എന്നാൽ ലഹരി ഇടയ്ക്കുണ്ട്, ഇടയ്ക്കില്ല. ഞാൻ ബാബയുടെതാണെന്ന നിശ്ചയമുണ്ട്, ഈ കാര്യത്തിൽ ഭൂരിപക്ഷം പേരും ശരിയാണ്. എല്ലാവരും ബാലകരാണ്, എന്നാൽ കേവലം ബാലകനല്ല, ബാലകനും അധികാരിയുമാണ്. ഡബിൾ.

അധികാരി അർത്ഥം - ഒന്ന് സ്വരാജ്യ അധികാരി, രണ്ടാമത് ബാബയുടെ സർവ്വ ഖജനാക്കളുടെയും അധികാരി. എന്തുകൊണ്ടെന്നാൽ ബാബയുടെ സർവ്വ ഖജനാക്കളെയും തന്റേതാക്കി മാറ്റുന്നുണ്ടല്ലോ... എന്റെ സമ്പത്താണ്, ദാതാവ് ബാബയാണ്. ബാബയാണ് നൽകിയത്, നിങ്ങളെ സമ്പത്തിന്റെ അധികാരിയാക്കിയത്. അപ്പോൾ ഈ സമ്പത്ത് സർവ്വർക്കും ലഭിച്ചുവോ? ചിലർക്ക് കുറച്ച് ചിലർക്ക് കൂടുതലാണോ ലഭിച്ചത്? എല്ലാവർക്കും ഒരുപോലെയാണ് ലഭിച്ചത്? അതോ ചിലർക്ക് ഒരു കോടി ലഭിച്ചു, ചിലർക്ക് പത്തു കോടി ലഭിച്ചോ, ഇങ്ങനെയല്ലല്ലോ? എന്തുകൊണ്ടെന്നാൽ ബാബയുടെ ഖജനാവ് പരിധിയില്ലാത്തതാണ്. എത്ര തന്നെ കുട്ടികളുണ്ടെങ്കിലും അച്ഛൻ ഖജനാവ് വിതരണം ചെയ്യുന്നതിൽ ഒട്ടും കുറയ്ക്കില്ല. തുറന്നതും സമ്പന്നവുമായ ഭണ്ഡാരമാണ്. അതുകൊണ്ട് ബാബ എന്തിന് കുറവ് നൽകണം. സമ്പത്ത് മുഴുവനും കുട്ടികൾക്കുള്ളതാണെങ്കിൽ ചിലർക്ക് കുറവും ചിലർക്ക് കൂടുതലും എന്തിന് നൽകണം. അപ്പോൾ ഒന്ന് ബാബയുടെ സമ്പത്തിന്റെ അധികാരി, രണ്ടാമത് സ്വരാജ്യത്തിന്റെ അധികാരി. സ്വരാജ്യം ലഭിച്ചില്ലേ? രണ്ടിന്റെയും അധികാരിയല്ലേ? പക്കായല്ലേ? അപ്പോൾ അധികാരിയായി എത്ര സമയമുണ്ടാകുന്നു. സ്യരാജ്യം നമ്മുടെ ജന്മ സിദ്ധ അധികാരമാണെന്ന് പറയുന്നുമുണ്ട്. അതോ ഇത് മഹാരഥികളുടെ മാത്രം അവകാശമാണെന്ന് പറയുന്നുണ്ടോ? ഞങ്ങളുടെതല്ല എന്നാണോ. സ്വരാജ്യത്തിന്റെ അധികാരം സർവ്വർക്കും ലഭിച്ചിട്ടുണ്ടോ അതോ കുറച്ചു പേർക്ക് മാത്രമാണോ ലഭിച്ചിരിക്കുന്നത്? ഈ കാര്യത്തിൽ പൂർണ്ണമായും പക്കാ ആയിരിക്കണം. അപ്പോൾ പരിശോധിക്കൂ, തന്റെ കർമ്മേന്ദ്രിയങ്ങളെല്ലാം ആജ്ഞയനുസരിച്ചാണോ? താങ്കൾ സ്വരാജ്യ അധികാരി കുട്ടികളുടെ കർമ്മചാരികളാണ് കർമ്മേന്ദ്രിയങ്ങൾ. താങ്കളാണ് അധികാരി. അങ്ങനെയല്ലേ? അതോ കർമ്മചാരികൾ അധികാരികളും താങ്കൾ കർമ്മചാരിയുമായി മാറുന്നുണ്ടോ?

അപ്പോൾ ബാപ്ദാദ കണ്ടത്, കുട്ടികളുടെ സ്ഥിതിയിൽ ഏറ്റവും കൂടുതൽ അധികാരി സ്ഥിതിയെ മറപ്പിക്കുന്നത്, അല്ലെങ്കിൽ സമയത്തിനനുസരിച്ച് രാജാവിനെ വശപ്പെടുത്തുന്നത് - മനസ്സാണ്, അതിനാലാണ് ബാപ്ദാദ മന്ത്രം നൽകിയത് മന്മനാഭവ. തന്മനാഭവ, ധന്മനാഭവ, ബുദ്ധിമനാഭവ എന്നല്ല മന്മനാഭവ എന്നാണ്. മനസ്സാണ് തന്റെ പ്രഭാവം ചെലുത്തുന്നത്. മനസ്സിന്റെ വശത്താണ് വരുന്നത്. നോക്കൂ, ഏതെങ്കിലും

ചെറിയൊരു വ്യർത്ഥമായ കാര്യം, വ്യർത്ഥ വാതാവരണം, വ്യർത്ഥ ദൃശ്യം ഇതിലൂടെ ഏറ്റവും കൂടുതൽ ഏതിലാണ് പ്രഭാവം ചെലുത്തുന്നത്? മനസ്സിലല്ലേ. പിന്നീട് ബുദ്ധി അതിന് സഹയോഗം നൽകുന്നു. മനസ്സും ബുദ്ധിയും അതു പ്രകാരം നടക്കുകയാണെങ്കിൽ അത് സംസ്കാരമായിത്തീരുന്നു. ഇപ്പോഴും സ്വയം പരിശോധിക്കൂ, എന്റെ വ്യർത്ഥമായ സംസ്കാരം എങ്ങനെയാണ് ഉണ്ടായത്? ഉദാഹരണത്തിനായി ആരുടെയെങ്കിലും സംസ്കാരം എന്തെങ്കിലും ചെറിയൊരു കാര്യം കിട്ടിയാൽ സെക്കന്റിൽ ഫീലിംഗ് ആകുന്നതിന്റേതാണെങ്കിൽ, ഇതെങ്ങനെ സംസ്കാരമായിത്തീർന്നു. പിന്നീട് പറയുന്നു, ആഗ്രഹിക്കുന്നില്ല എന്നാൽ ആയിത്തീരുന്നു. ഇതിനെയാണ് സംസ്കാരത്തിനു വശപ്പെട്ടു എന്ന് പറയുന്നത്. ചിലർക്ക് കുറച്ചു സമയത്തിനുള്ളിൽ തന്നെ മനസ്സ് മൂഡ്ഓഫ് ആകുന്നു. എന്തെങ്കിലും കേട്ടാൽ, കണ്ടാൽ മനസ്സ് മൂഡ് ഓഫാകുന്നു. പിന്നീട് ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ എന്ത് പറയും? മറ്റൊന്നുമില്ല ഇതെന്റെ സംസ്കാരമാണ്. ശരിയായിക്കോളും ഇതെന്റെ സംസ്കാരമാണ്. എന്നാൽ എങ്ങനെ സംസ്കാരമായിത്തീർന്നു. മനസ്സിന്റെയും ബുദ്ധിയുടെയും ആധാരത്തിലാണ് സംസ്കാരമായിത്തീർന്നത്. പിന്നീട് ബ്രാഹ്മണ സംസ്കാരമല്ലാത്തതായ ഭിന്ന-ഭിന്ന സംസ്കാരമുണ്ടാകുന്നു. ബാപ്ദാദ ചിന്തിക്കുന്നതിതാണ്, ആരെങ്കിലും ചോദിച്ചാൽ അവരോട് പറയുമ്പോൾ, ഞാൻ ബ്രഹ്മാകുമാർ അഥവാ ബ്രഹ്മാകുമാരി എന്നു പറയുന്നു. അപ്പോൾ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണരാണ്. എന്നാൽ എപ്പോഴാണോ വ്യർത്ഥ സംസ്കാരത്തിന് വശപ്പെടുന്നത്, അപ്പോൾ ബ്രഹ്മാകുമാർ, ബ്രാഹ്മണനാണോ അഥവാ ക്ഷത്രിയനാണോ? ആ സമയത്ത് ആരാണ്? സ്വയത്തോട് യുദ്ധം ചെയ്യുകയാണെങ്കിൽ ആ സമയത്ത് ആരാണ്? ബ്രാഹ്മണനാണോ അതോ ക്ഷത്രിയനാണോ? പല കുട്ടികളും പറയാറുണ്ട്, രണ്ടു നാളായി എന്റെ സന്തോഷം നഷ്ടപ്പെട്ടു. എന്താണെന്നറിയില്ല. യഥാർത്ഥത്തിൽ അതിന്റെ കാരണം ഉള്ളിലറിയാം എന്നാൽ പുറമെ പറയുന്നത്, എന്താണെന്നറിയില്ല എന്നാണ്. ആ സമയവും ചിന്തിച്ചു നോക്കൂ, ബ്രാഹ്മണനാണോ അതോ ക്ഷത്രിയനാണോ? സന്തോഷം നഷ്ടപ്പെടുകയാണെങ്കിൽ ബ്രാഹ്മണനാണോ? അതോ ഇടയ്ക്കെ ക്ഷത്രിയനും ഇടയ്ക്കെ ബ്രാഹ്മണനുമായി മാറുന്നുണ്ടോ? എല്ലാവരും സ്വയത്തെ അധികാരി എന്നല്ലേ പറയുന്നത്, ആ സമയത്ത് എന്താണ്? അധികാരിയാണോ പരവശപ്പെട്ടിരിക്കുകയാണോ?

അപ്പോൾ ബാപ്ദാദ കണ്ടത്, അധികാരിയെ ഇളക്കുന്നത് മുഖ്യമായും മനസ്സാണ്. താങ്കൾ സ്വരാജ്യ അധികാരികളായ രാജാവാണ്. മനസ്സ് താങ്കളുടെ മന്ത്രിയാണ്. അതോ മനസ്സ് രാജാവും താങ്കൾ മന്ത്രിയുമാണോ? താങ്കളല്ലേ രാജാവ്, മനസ്സ് രാജാവല്ല. മന്ത്രി അർത്ഥം സഹയോഗി. മനസ്സ് സദാ നമ്മുടെ വശത്തായിരിക്കണം അപ്പോൾ പറയും സ്വരാജ്യ അധികാരി. ഇല്ലെങ്കിൽ ഇടയ്ക്കെ അധികാരി ഇടയ്ക്കെ അധീനമായിരിക്കും. ഇതിനുള്ള കാരണമെന്താണ്? എന്തു കൊണ്ട് പരിവർത്തനപ്പെടുന്നില്ല. മനസ്സിലാക്കുന്നുമുണ്ട് എന്നിട്ടും സംസ്കാരത്തിനു വശപ്പെടുന്നു. അതിനാൽ ആദ്യം മനസ്സിനെ നിയന്ത്രിക്കൂ. രാജാവെന്നു പറയുന്നുണ്ടല്ലോ രാജാവിന്റെ അർത്ഥം തന്നെ ഭരണശക്തിയുള്ളവർ എന്നാണ്. പേര് രാജാവെന്നും എന്നാൽ ഭരണശക്തിയില്ലെങ്കിൽ എന്താവും അവസ്ഥ? അവരുടെ രാജ്യം നല്ല രീതിയിൽ നടക്കുമോ? നല്ല രീതിയിൽ പോകില്ലല്ലോ. അപ്പോൾ എത്ര ശതമാനം ഭരണ ശക്തി കൈവരിച്ചു എന്ന് പരിശോധിക്കൂ.

ഒരു തെറ്റ് വളരെയധികം ചെയ്യുന്നതു കാരണത്താലും സംസ്കാരത്തിനുമേൽ വിജയം പ്രാപ്തമാക്കുവാൻ സാധിക്കുന്നില്ല. വളരെയധികം സമയം എടുക്കുകയും ചെയ്യുന്നു. നാളെ ചെയ്യാം എന്നു വിചാരിക്കുന്നു. എന്നാൽ നാളെയായാലോ ഇന്നത്തെക്കാളും നാളത്തെ കാര്യമായിരിക്കും വലുത്. അപ്പോൾ പറയുന്നു, ഇന്നലത്തെ കാര്യം വളരെ ചെറുതായിരുന്നു, എന്നാൽ ഇന്ന് വളരെ വലിയ കാര്യമാണ്. പിന്നീട് ശരിയാക്കാം എന്ന് വിചാരിക്കുന്നു. ഇത് മുതിർന്നവർക്കും, തന്റെ ഹൃദയത്തിനും പറഞ്ഞ് സമാധാനിപ്പിക്കുന്നു. എന്നാൽ മനസ്സിലാക്കിക്കോളൂ ഇത് സമാധാനിപ്പിക്കലല്ല, ചതിയാണ്. അപ്പോൾ കുറച്ച് സമയത്തിന് സ്വയത്തെയും മറ്റുള്ളവരെയും പറഞ്ഞ് സമാധാനിപ്പിക്കുന്നു, ഇത് ശരിയായിക്കോളുമെന്ന്, എന്നാൽ ഇത് സ്വയത്തെ ചതിക്കുന്ന ശീലത്തെ പക്കാ ആക്കുകയാണ്. എന്നാൽ അപ്പോൾ ആ സമയത്ത് ഇത് അറിയില്ല. പ്രത്യക്ഷത്തിൽ ചതി സംഭവിക്കുമ്പോൾ ഇത് ശരിയാണെന്ന് മനസ്സിലാക്കുന്നു. അപ്പോൾ എന്ത് തെറ്റാണ് ചെയ്തത്? ചെറിയവരാണെങ്കിലും വലിയവരാണെങ്കിലും പരസ്പരം ശിക്ഷണം നൽകുമ്പോൾ എന്താണ് പറയുന്നത്? ഇതെന്റെ സ്വഭാവമാണ്, ഇതെന്റെ സംസ്കാരമാണ്, ചിലരുടെത് ഫീലിംഗിന്റേതാകാം, ചിലർക്ക് അകന്നു നിൽക്കുന്ന സംസ്കാരമാകാം. ചിലർക്ക് പരചിന്തനത്തിന്റെ സംസ്കാരമാകാം. ചിലർക്ക് പരചിന്തനം കേൾക്കുന്നതിന്റെ, അങ്ങനെ ഭിന്ന-ഭിന്ന പ്രകാരത്തിലുള്ളതുണ്ട്. അതിനെക്കുറിച്ച് ബാബയെക്കാളും താങ്കൾക്ക് അറിയാമല്ലോ. എന്നാൽ ബാപ്ദാദ പറയുന്നത്, ഏതൊന്നിനെയാണോ നിങ്ങൾ തന്റെ സംസ്കാരമെന്ന് പറയുന്നത്, അത് നിങ്ങളുടെതാണോ? പിന്നെ ആരുടെതാണ്? (രാവണന്റെ) പിന്നെന്തിനാണ് എന്റേതെന്ന് പറയുന്നത്. ഇത് രാവണന്റെ സംസ്കാരമാണെന്ന് ഒരിക്കലും പറയുന്നില്ലല്ലോ. എന്റെ സംസ്കാരമെന്നല്ലേ പറയുന്നത്. അപ്പോൾ ഈ എന്റേത് എന്ന വാക്ക് തന്നെയാണ്

പുരുഷാർത്ഥത്തെ ലൂസാക്കുന്നത്. ഈ രാവണന്റെ വസ്തുവിനെ എന്തിനാണ് ഉള്ളിൽ ഒളിപ്പിച്ചു വെക്കുന്നത്? മനുഷ്യർ രാവണനെ വധിച്ചതിനു ശേഷം കത്തിക്കുന്നു. കത്തിച്ചതിനുശേഷമുള്ള ചാരത്തെ വെള്ളത്തിലേക്ക് ഒഴുക്കുന്നു. എന്നാൽ താങ്കൾ അതിനെ എന്റെതാണെന്ന് പറഞ്ഞ് എടുത്തു വെക്കുന്നു. എവിടെയാണോ രാവണന്റെ സംസ്കാരമുള്ളത്, അശുദ്ധിയോടൊപ്പം ശുദ്ധ സംസ്കാരം ഒരുമിച്ച് ഇരിക്കുമോ? ഇപ്പോഴത്തെ രാജ്യം ആരുടെതാണ്? അശുദ്ധിയുടെയത്. ശുദ്ധിയുടെ രാജ്യമല്ലല്ലോ. ഈ അശുദ്ധിയുടെ രാജ്യത്തിൽ അശുദ്ധമായത് തന്റെ പക്കൽ സൂക്ഷിച്ചു വെക്കുന്നു. സ്വർണ്ണവും വജ്രവും എടുത്തു വെക്കാറുണ്ട്. അശുദ്ധിയുടെയും ശുദ്ധിയുടെയും യുദ്ധം നടക്കുന്നതിനാൽ ഇടയ്ക്കിടെ ബ്രാഹ്മണനിൽ നിന്നും ക്ഷത്രിയനായിത്തീരുന്നു. എന്നാൽ എന്റെ സംസ്കാരമെന്താണ്? എന്താണോ ബാബയുടെ സംസ്കാരം അതു തന്നെയാണ് എന്റെ സംസ്കാരം. വിശേഷിച്ചും വിശ്വമംഗളകാരി, ശുദ്ധ ചിന്താധാരി. ഇതാണ് എന്റെ യഥാർത്ഥ സംസ്കാരം. ബാക്കിയൊന്നും തന്നെ എന്റെതല്ല. തന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അശുദ്ധി, ശുദ്ധമാകുന്നിതൽ വിഘ്നമുണ്ടാക്കുന്നു. നമ്മൾ എന്താണോ ആയിത്തീരാൻ ആഗ്രഹിക്കുന്നത്, ലക്ഷ്യം വെക്കുന്നത്, എന്നാൽ പ്രത്യക്ഷത്തിൽ വ്യത്യാസമുണ്ടാകുന്നു.
ഭൂരിപക്ഷം പേരും ചിന്തിക്കുന്നുണ്ട്, പലരും സങ്കൽപ്പിച്ചിട്ടുണ്ട്, എഴുതിയിട്ടുണ്ട്, ഈ വജ്ര ജൂബിലിയിൽ ബാബയ്ക്ക് സമാനം വജ്രമായിത്തീരണെന്ന്. ഇത് സങ്കല്പം തന്നെയാണോ അതോ ഇനിയും ചിന്തിക്കണമോ? ചിന്തിക്കണമെങ്കിൽ ചിന്തിച്ചോളൂ എന്നാൽ നമ്പർ പിറകിൽ മാത്രമേ ലഭിക്കൂ. ആര് ചെയ്യുന്നുവോ അവർ നേടുന്നു. അല്ലാതെ ആര് ചിന്തിക്കുന്നുവോ അവർ നേടുന്നു എന്നല്ലല്ലോ ചൊല്ല്. അപ്പോൾ സങ്കല്പം വളരെ നല്ല രീതിയിൽ വെക്കുന്നുണ്ട്. ബാപ്ദാദയും അത് പഠിക്കുകയും കേൾക്കുകയും ചെയ്ത് സന്തോഷിക്കുന്നു. എന്നാൽ ഈ ഒളിച്ചു വെച്ചിരിക്കുന്ന രാവണന്റെ വസ്തു ഉണ്ടല്ലോ അതാണ് നിങ്ങളെ മനസ്സിന്റെ അധികാരിയാക്കുവാൻ അനുവദിക്കാത്തത്. എന്റെ ശീലമാണ്, എന്റെ സ്വഭാവമാണ്, എന്റെ സംസ്കാരമാണ്, എന്റെ നേച്ചറാണ്... രാവണന്റെ ഈ സമ്പത്ത് മുഴുവനും തന്റെ കൂടെ അതും ഹൃദയത്തിൽ വെച്ചിട്ടുണ്ട്. അപ്പോൾ ദിലാരാമൻ എവിടെ ഇരിക്കാനാണ്. രാവണന്റെ സമ്പത്തിനു മുകളിൽ ഇരിക്കണമോ.. അപ്പോൾ ഇതിനെ ഇല്ലാതാക്കൂ.
എപ്പോഴാണോ എന്റെത് എന്ന വാക്ക് ഓർമ്മിക്കുന്നത്, അപ്പോൾ ഓർമ്മിക്കണം – എന്റെ സ്വഭാവം അഥവാ സംസ്കാരം എന്താണ്? മനസ്സിനെക്കുറിച്ച് ലോകത്തിലുള്ളവരും എന്താണ് പറയുന്നത്? മനസ്സ് കുതിരയാണ് വളരെയധികം വേഗത്തിലാണ് ഓടുന്നത്. എന്നാൽ താങ്കളുടെ മനസ്സിന് അങ്ങനെ ഓടാൻ സാധിക്കുമോ? താങ്കളുടെ ശ്രീമത്തിന്റെ കടിഞ്ഞാൺ ഉറപ്പുള്ളതല്ലേ. അഥവാ കടിഞ്ഞാൺ ഉറപ്പുള്ളതാണെങ്കിൽ ചഞ്ചലത ഒന്നും തന്നെയുണ്ടാകില്ല. എന്നാൽ എന്താണ് എല്ലാവരും ചെയ്യുന്നത്? ബാപ്ദാദ കാണുന്നുമുണ്ട്, ചിരിക്കുന്നുമുണ്ട്. എങ്ങനെയാണോ കുതിര സവാരിയിൽ നിങ്ങൾ കാണുന്നുണ്ടാകും, കടിഞ്ഞാൺ കയ്യിലുമുണ്ടാകും, എന്നാൽ കടിഞ്ഞാൺ പിടിക്കുന്നവരുടെ മനസ്സും ബുദ്ധിയും വഴിയോരക്കാഴ്ചയിലേക്ക് പോവുകയാണെങ്കിൽ, എന്താണ് സംഭവിക്കുക? കടിഞ്ഞാൺ ലൂസാകില്ലേ. കടിഞ്ഞാൺ ലൂസായിക്കഴിഞ്ഞാൽ മനസ്സിന്റെയും ബുദ്ധിയുടെയും ചഞ്ചലതയുണ്ടാകില്ലേ. അപ്പോൾ ശ്രീമത്താകുന്ന കടിഞ്ഞാൺ എപ്പോഴും തന്റെ മനസ്സിൽ സ്മൃതിയിൽ വെക്കണം. എന്തെങ്കിലും കാര്യം സംഭവിച്ചാൽ മനസ്സ് ചഞ്ചലമാണെങ്കിൽ ശ്രീമത്താകുന്ന കടിഞ്ഞാൺ മുറുക്കണം. പിന്നീട് ഒന്നും തന്നെ സംഭവിക്കില്ല. ലക്ഷ്യത്തിലേക്ക് എത്തിച്ചേരുക തന്നെ ചെയ്യും. ഓരോ ചുവടിനും ശ്രീമതമുണ്ട്. കേവലം ബ്രഹ്മചാരിയാകുവാനുള്ള ശ്രീമതമല്ല. ഓരോ കർമ്മത്തിനും ശ്രീമതമുണ്ട്. നടക്കുന്നതിലും, കഴിക്കുന്നതിലും, കുടിക്കുന്നതിലും, കേൾക്കുന്നതിലും, കേൾപ്പിക്കുന്നതിലും എല്ലാത്തിനും ശ്രീമതമുണ്ട്. ഉണ്ടോ ഇല്ലയോ? താങ്കൾ പരചിന്തനം ചെയ്യുകയാണെങ്കിൽ അത് ശ്രീമതമാണോ? ശ്രീമതത്തെ ലൂസാക്കുകയാണെങ്കിൽ മനസ്സിന് ചഞ്ചലപ്പെടാനുള്ള അവസരം ലഭിക്കുകയാണ്. പിന്നീട് അതിന് ഒരു ശീലമായിത്തീരുന്നു. അപ്പോൾ ശീലമുണ്ടാക്കുന്നത് ആരാണ്? താങ്കൾ തന്നെയല്ലേ. അപ്പോൾ ആദ്യം തന്നെ മനസ്സിന്റെ രാജാവായിത്തീരണം. പരിശോധിക്കണം, ഉള്ളിന്റെ ഉള്ളിൽ ഈ മനസ്സാകുന്ന മന്ത്രി തന്റെ രാജ്യം സ്ഥാപിക്കുന്നില്ലല്ലോ. എങ്ങനെയാണോ ഇന്നത്തെക്കാലത്തെ രാജ്യത്ത് ഒരു ഗ്രൂപ്പിൽ നിന്നും തന്നെ വ്യത്യസ്തമായ ഒരു ഗ്രൂപ്പിനെ തയ്യാറാക്കിയതിനു ശേഷം അത് ശക്തമാകുന്നത്, എന്നിട്ട് ആദ്യമുണ്ടായിരുന്ന ഗ്രൂപ്പിനെ ഇളക്കാൻ പ്രയത്നിക്കുന്നു. അതുപോലെ മനസ്സും അങ്ങനെ ചെയ്യുന്നു. ബുദ്ധിയെയും തന്റെ വശത്താക്കുന്നു. നാവിനെ ചെവിയെ എല്ലാത്തിനെയും തന്റെ വശത്താക്കുന്നു. അപ്പോൾ ദിവസേന പരിശോധിക്കണം, വാർത്തകൾ അന്വേഷിക്കണം, അല്ലയോ മനസ്സാകുന്ന മന്ത്രി താങ്കൾ എന്തു ചെയ്തു? എവിടെയെങ്കിലും ചതിക്കുഴിയിലേക്ക് വീണില്ലല്ലോ. തന്റെ ഉള്ളിൽ തന്നെ എവിടെയെങ്കിലും ഗ്രൂപ്പുണ്ടാക്കി, മനസ്സിനെത്തന്നെ അടിമയാക്കുന്നില്ലല്ലോ. അങ്ങനെയുണ്ടാകരുത്. നോക്കൂ, ബ്രഹ്മാബാബ ആദ്യമേ തന്നെ ദിവസേന ഇങ്ങനെയൊരു കർമ്മേന്ദ്രിയങ്ങളുടെ സഭ കൂടിയിരുന്നു. ഇതിൽ എല്ലാ കർമ്മേന്ദ്രിയങ്ങളാകുന്ന സഹയോഗി കൂട്ടുകാരിൽ നിന്നും വാർത്തകൾ അന്വേഷിച്ചിരുന്നു. ഇത് ബ്രഹ്മാബാബയുടെ ദിവസേനയുള്ള ആദിയിലെ ദിനചര്യയായിരുന്നു. കേട്ടിട്ടില്ലേ. അപ്പോൾ ബ്രഹ്മാബാബയും പ്രയത്നിച്ചിരിക്കുമല്ലോ. അറ്റൻഷൻ

വെച്ചതു കൊണ്ടു മാത്രമാണ് സ്വരാജ്യ അധികാരിയിൽ നിന്നും വിശ്വ രാജ്യ അധികാരിയായി തീർന്നത്. ശിവബാബ നിരാകാരനാണ്, എന്നാൽ ബ്രഹ്മാബാബ താങ്കൾക്കു സമാനം തന്നെ മുഴുവൻ ജീവിതത്തിലും പുരുഷാർത്ഥം ചെയ്തിട്ടാണ് പ്രാപ്തി നേടിയത്. അതുകൊണ്ട് ബ്രഹ്മാബാബയെ അനുകരിക്കൂ. ഈ മനസ്സ് വഴരെയധികം ചഞ്ചലമാണ്, വളരെയധികം തീവ്രമാണ്. ഒരു സെക്കന്റിൽ തന്നെ നിങ്ങൾക്ക് മനസ്സ് കൊണ്ട് മുഴുവൻ വിദേശത്തും ചുറ്റി വരാൻ സാധിക്കും. അപ്പോൾ എന്താണ് കേട്ടത്? ബാലകനും അധികാരിയും. അല്ലാതെ വെറുതെ സന്തോഷിക്കരുത്. ഞാൻ ബാലകനായില്ലേ. സമ്പത്ത് ലഭിച്ചല്ലോ. എന്നാൽ ആ സമ്പത്തിന്റെ അധികാരി ആയില്ലെങ്കിൽ, ബാലകനായിട്ട് തന്നെ എന്തു കാര്യം? ബാലകന്റെ അർത്ഥം തന്നെ അധികാരി എന്നാണ്. സ്വരാജ്യത്തിന്റെയും അധികാരിയായിത്തീരൂ. കേവലം സമ്പത്ത് കണ്ട് മാത്രം സന്തോഷിക്കരുത്. സ്വരാജ്യ അധികാരിയായിത്തീരൂ. ഇത്ര ചെറിയ കണ്ണുകൾ പോലും ചതിക്കുന്നു. അധികാരി ആകാത്തതുകൊണ്ടല്ലേ ചതിക്കുന്നത്. അപ്പോൾ ബാപ്ദാദ എല്ലാ കുട്ടികളെയും സ്വരാജ്യ അധികാരിയായി കാണാനാണ് ആഗ്രഹിക്കുന്നത്. അധികാരികൾ ഒരിക്കലും അധീനതയിലേക്ക് വരികയില്ല. മനസ്സിലായോ? എന്തായിത്തീരണമെന്ന്. ബാലകനും അധികാരിയും. രാവണന്റെ വസ്തുവിനെ ഇവിടെ ഈ ഹാളിൽ തന്നെ ഉപേക്ഷിച്ച് പോകൂ. ഇത് തപസ്യയുടെ സ്ഥാനമാണല്ലോ. തപസ്യയെ അഗ്നി എന്നാണ് പറയുന്നത്. അഗ്നിയിൽ നശിച്ചോളും.
ബാപ്ദാദ നോക്കിയപ്പോൾ കുട്ടികൾക്ക് രാവണനോട് ഇപ്പോഴും സ്നേഹമുണ്ട്. ഹൃദയം കൊണ്ട് ആഗ്രഹിക്കുന്നില്ല എന്നാൽ സ്നേഹമുണ്ട്. ഇപ്പോൾ ഇതിനെ ഇല്ലാതാക്കണം. ടീച്ചേഴ്സ് എന്തു ചെയ്യും? ഇവിടെ തന്നെ ഉപേക്ഷിച്ച് പോകുമോ അതോ ട്രെയിനിൽ ചെന്ന് കളയുമോ? എന്തുകൊണ്ടെന്നാൽ 63 ജന്മത്തെ പഴയ വസ്തുക്കളല്ലേ അപ്പോൾ കുറച്ചെങ്കിലും പ്രീതി ഉണ്ടാകുമല്ലോ. പാണ്ഡവർ എന്തു ചെയ്യും? ഇവിടെ തന്നെ ഉപേക്ഷിച്ച് പോകുമോ അതോ താഴെ ആബുറോഡിൽ ഉപേക്ഷിക്കുമോ? ഇവിടെ തന്നെ ഉപേക്ഷിച്ച് പോകണം. ഉപേക്ഷിക്കുവാൻ തയ്യാറാണോ. പതുക്കെ പതുക്കെയാണല്ലോ ശരി എന്ന് പറയുന്നത്. ബാപ്ദാദ നിത്യേന ഏതെങ്കിലുമൊക്കെ കുട്ടികളുടെ കാര്യങ്ങൾ പരിശോധിക്കാറുണ്ട്. ഇപ്പോൾ തന്നെ പരിശോധിക്കുകയാണെങ്കിൽ മാത്രമേ പരിവർത്തനപ്പെടൂ.
ശരി. ഇത് എക്സ്ട്രാ അവസരമാണ് ലഭിച്ചിരിക്കുന്നത്. ഇത് പുതിയവർക്കും പഴയവർക്കും പെട്ടെന്നുള്ള ലോട്ടറിയാണ് ലഭിച്ചിരിക്കുന്നത്. പെട്ടെന്നുള്ള ലോട്ടറിക്ക് മഹത്വമുണ്ടല്ലോ. അപ്പോൾ ഈ ലോട്ടറിയെ സദാ പ്രത്യക്ഷത്തിൽ കർമ്മത്തിലേക്ക് കൊണ്ട് വന്ന് വർദ്ധിപ്പിച്ചു കൊണ്ടിരിക്കൂ. എത്രത്തോളം സ്വയത്തെ പ്രതി മറ്റുള്ളവരെ പ്രതി കാര്യത്തിൽ ഉപയോഗിക്കുന്നുവോ അത്രത്തോളം വർദ്ധിപ്പിച്ചു കൊണ്ടിരിക്കും. അപ്പോൾ വർദ്ധിപ്പിച്ചു കൊണ്ടിരിക്കണം. ഈ ലോട്ടറി ലഭിച്ച നാൾ മറക്കരുത്. സ്മൃതിയുണ്ടാകണം.

നാനാവശത്തുമുള്ള ബാലകനും അധികാരിയും ഡബിൾ അധികാരം നേടുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സ്വരാജ്യഅധികാരിയായി തന്റെ രാജ്യത്തെ നടത്തിക്കുന്ന ഭാഗ്യശാലി ആത്മാക്കൾക്ക്, സദാ ബാബയുടെ സംസ്കാരം തന്നെ എന്റെ സംസ്കാരം എന്ന വിധിയിലൂടെ സേവനത്തിൽ മുന്നേറുന്ന ശ്രേഷ്ഠ സേവാധാരി ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്കാരവും.

**വരദാനം - ബ്രാഹ്മണ ജീവിതത്തിൽ സന്തോഷത്തിന്റെ വരദാനത്തെ സദാ നിലനിർത്തുന്ന മഹാൻ ആത്മാവായി ഭവിയ്ക്കട്ടെ.**

ബ്രാഹ്മണ ജീവിതത്തിൽ സന്തോഷം തന്നെയാണ് ജന്മസിദ്ധ അധികാരം. സദാ സന്തോഷത്തോടെയിരിക്കുന്നത് തന്നെയാണ് മഹാനത. ആരാണോ ഈ സന്തോഷത്തിന്റെ വരദാനത്തെ നിലനിർത്തുന്നത് അവരാണ് മഹാൻ. അപ്പോൾ സന്തോഷത്തെ ഒരിക്കലും നഷ്ടപ്പെടുത്തരുത്. സമസ്യകൾ വരികയും പോവുകയും ചെയ്യും. എന്നാൽ സന്തോഷത്തെ നഷ്ടപ്പെടുത്തരുത്. എന്തുകൊണ്ടെന്നാൽ സമസ്യകൾ പരിതസ്ഥിതിയാണ്. മറ്റു വശത്തു നിന്നും വന്നതാണ്. അത് വരിക തന്നെ ചെയ്യും. സന്തോഷം തന്റേതായ സമ്പത്താണ്. തന്റെ വസ്തുവിനെ സദാ കൂടെ വെക്കണം. അതിനാൽ ശരീരം തന്നെ പോയാലും സന്തോഷത്തെ നഷ്ടപ്പെടുത്തരുത്. സന്തോഷത്തോടെ ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ വളരെ നല്ലതും പുതിയതുമായ ശരീരം ലഭിക്കുന്നു.

**സ്ലോഗൻ - ബാപ്ദാദയുടെ ഹൃദയത്തിന്റെ ആശംസകൾ സ്വീകരിക്കണമെങ്കിൽ അനേക കാര്യത്തെ കാണാതെ അക്ഷീണ സേവനത്തിൽ ഉപസ്ഥിതനാകൂ.**